I ഇ.ബി. XV - കേരള നിയമസഭ/V-7

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ജൂലൈ 7, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

### I. സഭാ നടപടികളെക്കുറിച്ചുള്ള വാർത്താമാധ്യമങ്ങളുടെ ആക്ഷേപം സംബന്ധിച്ച റൂളിംഗ്

മി. സ്പീക്കർ: 06-07-2022-ന് സഭാ സമ്മേളനം ആരംഭിച്ചയുടൻതന്നെ സഭയിലുണ്ടായ തുടർച്ചയായ പ്രക്ഷുബ്ധ സാഹചര്യത്തിൽ ചോദ്യോത്തരവേളയും ശൂന്യവേളയും ഒഴിവാക്കി ചർച്ച കൂടാതെ ധനകാര്യ ബിസിനസ് പൂർത്തീകരിച്ച് സമ്മേളനം അവസാനിപ്പിച്ചത് അനിതരസാധാരണവും അപൂർവ്വവുമായ

നടപടിയായി ചിത്രീകരിച്ചുകൊണ്ട് സഭയ്ക്കകത്തും പുറത്തും വാർത്താമാധ്യമങ്ങളിലും ആക്ഷേപം ഉയർന്നുവന്നത് ചെയറിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

ഇന്നലെ ചോദ്യോത്തരവേളയിൽ എട്ട് പ്രതിപക്ഷ എം.എൽ.എ.-മാരെ ചോദ്യമുന്നയിക്കാൻ ക്ഷണിച്ചെങ്കിലും അവർ ചോദ്യം ചോദിക്കാൻ തയ്യാറാകാതെ പ്ലക്കാർഡുകളുയർത്തി മുദ്രാവാക്യം വിളിച്ച് പ്രതിഷേധിക്കുകയും ഭരണപക്ഷത്തെ അംഗം ഉന്നയിച്ച ചോദ്യത്തിന് ഇരുപക്ഷത്തുനിന്നുമുള്ള ബഹളം കാരണം മന്ത്രിക്ക് മറുപടി പറയാനുള്ള ബുദ്ധിമുട്ട് അറിയിക്കുകയും ചെയ്തിരുന്നു. സഭാസമ്മേളനം ആരംഭിച്ച ദിവസം (27-06-2022) ചോദ്യോത്തരവേള നിർത്തിവച്ച് ഏതാണ്ട് ഒരു മണിക്കൂർ സഭാതലത്തിൽ ചേരിതിരിഞ്ഞുള്ള പ്രതിഷേധവും മുദ്രാവാക്യംവിളിയും നടന്ന സാഹചര്യംകൂടി കണക്കിലെടുത്താണ് ഇന്നലെ ചോദ്യോത്തരവേളയും ശൂന്യവേളയും റദ്ദാക്കിയത്. ഗവൺമെന്റ് ബിസിനസ് പൂർത്തീകരിക്കണമെന്ന ചെയറിന്റെ ഉത്തരവാദിത്വം നിർവ്വഹിച്ചതിനെതിരെ നിരുത്തരവാദപരമായ ചില പരാമർശങ്ങൾ വിവിധ കോണുകളിൽനിന്നും ഉയർന്നുവന്ന സാഹചര്യത്തിൽ മുൻ സഭാദ്ധ്യക്ഷന്മാർ കൈക്കൊണ്ട തീരുമാനങ്ങൾ വിശദമായി പരിശോധിച്ചതിൽ നിന്നും 2000 ജൂൺ മാസത്തിലും 2001 ഒക്ടോബറിലും സമാന സാഹചര്യമുണ്ടാകുകയും ചോദ്യോത്തരവേളയും ശൂന്യവേളയും സസ്പെന്റ് ചെയ്തുകൊണ്ട് ധനകാര്യ

ബിസിനസ്സിലേയ്ക്ക് കടക്കുന്ന സാഹചര്യമുണ്ടായി. അതേ രീതിയിൽ തന്നെയാണ് ഇന്നലെ സഭാനടപടികൾ വേഗത്തിൽ പൂർത്തീകരിക്കാൻ തയ്യാറായതെന്ന് അറിയിക്കുന്നു.

## II. അടിയന്തരപ്രമേയം

സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിലെ കെടുകാര്യസ്ഥത

മി. സ്പീക്കർ: സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ തിരിച്ചടവ് ബാധ്യതകളിൽനിന്നും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽനിന്നും സർക്കാർ പിന്മാറുന്നതായി പറയപ്പെടുന്നതുമൂലം ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, സർവ്വശ്രീ. എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സാമൂഹ്യക്ഷേമ പെൻഷനുകൾ മുടക്കമില്ലാതെ വിതരണം ചെയ്തുവരുന്നുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ

റവന്യൂ വരുമാനത്തിൽ ഇടിവ് സംഭവിച്ചപ്പോഴും സാമൂഹ്യസുരക്ഷാ പെൻഷനുകൾ മുടക്കംകൂടാതെ നൽകാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. 'സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി ലിമിറ്റഡ്' കേന്ദ്ര നിയമപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനമാണ്. കമ്പനിയുടെ പ്രവർത്തനത്തെ ബാധിക്കുന്ന യാതൊരു തീരുമാനവും സർക്കാർ സ്വീകരിച്ചിട്ടില്ലെന്നു മാത്രമല്ല ഈ മാസത്തേക്കാവശ്യമായ ഫണ്ട് റിലീസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യക്ഷേമ പെൻഷനുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽനിന്നും സർക്കാർ പിന്നോട്ട് മാറാനുദ്ദേശിക്കുന്നില്ല. ജനങ്ങളെ ബാധിക്കുന്ന അടിയന്തര സ്വഭാവമുള്ള വിഷയമല്ല ഉന്നയിച്ചിരിക്കുന്നത്.

ഡോ. മാത്യു കുഴൽനാടൻ: ആർ.ബി.ഐ.-യുടെ കണക്കുപ്രകാരം കേരളത്തിലെ കടബാദ്ധ്യത അപകടകരമായ നിലയിലാണെന്നുള്ളത് ആശങ്കാജനകമാണ്. ധനകാര്യ മാനേജ്മെന്റിലുണ്ടായ പരാജയം അംഗീകരിക്കാത്തതും കിഫ്ബിയുടെ ബാദ്ധ്യത സർക്കാരിന്റെ ബാദ്ധ്യതയാണെന്ന് അംഗീകരിക്കേണ്ടിവന്നതും ഖേദകരമാണ്. കിഫ്ബി അംഗീകരിച്ച 73,638 കോടി രൂപയുടെ പദ്ധതിയിൽ നിന്ന് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് 182 കോടി രൂപയും കാർഷികമേഖലയ്ക്ക് 21 കോടി രൂപയും മാത്രമാണ് മാറ്റിവച്ചിട്ടുള്ളത്. 26-06-2018-ൽ രൂപീകൃതമായ

സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി ലിമിറ്റഡിന് കടമെടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകുമെന്ന് പറഞ്ഞിട്ടുണ്ട്. ധനകാര്യ മാനേജ്മെന്റിലും സാമ്പത്തിക സമീപനത്തിലും മാറ്റം വരുത്തിയില്ലെങ്കിൽ കേരളം കടക്കെണിയിൽപ്പെടുമെന്ന ഗുരുതരമായ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പ്രമേയാവതാരകൻ ഉന്നയിച്ച വിഷയം അടിസ്ഥാനരഹിതമാണ്. സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നതിനായി വർഷംതോറും ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. സാമൂഹ്യക്ഷേമ പെൻഷനുപുറമേ 42 ലക്ഷം കുടുംബങ്ങൾക്ക് സ്റ്റേറ്റ് ഹെൽത്ത് അതോറിറ്റി മുഖേന പ്രതിവർഷം 5 ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുകയും എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ക്ഷേമത്തിനായി പദ്ധതി വിഹിതത്തിൽ ജനസംഖ്യയേക്കാൾ കൂടുതൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയെയും സംസ്ഥാനത്തിന്റെ ധനകാര്യ സ്വാതന്ത്ര്യത്തെയും തകർക്കാൻ അനുവദിക്കുകയില്ല. കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി ലിമിറ്റഡിന് സർക്കാർ ഗ്യാരന്റി നൽകുന്നുണ്ട്. സാമൂഹ്യക്ഷേമ പെൻഷൻ വിതരണം പ്രതിസന്ധിയിലാകുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല.

സംസ്ഥാനത്തിന്റെ ജി.എസ്.റ്റി. വിഹിതവും കടമെടുക്കാനുള്ള പരിധിയും വർദ്ധിപ്പിച്ച് കേന്ദ്രസർക്കാരിൽനിന്നും ഫണ്ട് ലഭ്യമാക്കുന്നതിന് ഏവരുടെയും പിന്തുണയുണ്ടാകണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III. ശ്രദ്ധ ക്ഷണിക്കൽ

(1) കയർ മേഖലയിലെ പ്രതിസന്ധി

ശ്രീ. പി. പി. ചിത്തരഞ്ജൻ: കയർ കോർപ്പറേഷൻ വിദേശ ഓർഡറുകൾ സ്വീകരിക്കുന്നതിനും യന്ത്രവൽക്കരണത്തിലൂടെ ഉൽപ്പാദനച്ചെലവ് കുറച്ച് പ്രതിസന്ധി തരണം ചെയ്യുന്നതിനും 60 വയസ്സ് കഴിഞ്ഞ കയർപിരി തൊഴിലാളികൾക്ക് ആനുകൂല്യം നിഷേധിക്കുന്ന നടപടി പുന:പരിശോധിക്കുന്നതിനും ഗുണമേന്മയുള്ള കയർ

ഉൽപ്പാദിപ്പിക്കുന്നതിന് കയർ സഹകരണ സംഘങ്ങളെ പ്രാപ്തമാക്കുന്നതിനും അപെക്സ് സ്ഥാപനമായ കയർ ഫെഡിനെ സാങ്കേതികമായി സഹായിക്കുന്നതിനും കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): കേരളത്തിലെ കയറുൽപ്പന്നവ്യവസായ മേഖലയിൽ പരമ്പരാഗത തൊഴിലാളികൾ ക്രീൽ മാറ്റുകളാണ് കൂടുതലായി ഉല്പാദിപ്പിക്കുന്നത്. ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന 75-ഓളം സഹകരണസംഘങ്ങളിൽ ഭൂരിപക്ഷവും പരമ്പരാഗത ഉല്പന്നങ്ങളാണ് ഉല്പാദിപ്പിക്കുന്നത്. കയറിന്റെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനും പരമ്പരാഗത ഉൽപ്പന്നങ്ങളുടെ വിപണനം വർദ്ധിപ്പിക്കുന്നതിനുമായി വൻതോതിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഓണം, വിഷു, ക്രിസ്തുമസ് തുടങ്ങിയ ഉത്സവകാലങ്ങളിൽ ഓർഡർ ലഭിക്കുന്നതനുസരിച്ച് ഉൽപ്പന്നങ്ങൾ സംഭരിക്കുന്നുണ്ട്. പി.വി.സി. ഉൽപ്പന്നങ്ങളുടെ കടന്നുകയറ്റവും പ്ലാസ്റ്റിക്, കൃത്രിമനാരുകൾ കൊണ്ടുണ്ടാക്കിയ ഉൽപ്പന്നങ്ങൾ, പോളിപ്രൊപ്പലിൻ സിന്തറ്റിക്ക് മാറ്റുകൾ

എന്നിവയുടെ വരവുമാണ് ഉൽപ്പന്നങ്ങൾക്ക് വിപണി കുറയാനിടയാക്കിയത്. സപ്ലൈകോ, കൺസ്യൂമർ ഫെഡ്, റിലയൻസ് തുടങ്ങിയ വിൽപ്പന ശാലകൾ കയറുൽപ്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കയർ കോർപ്പറേഷനിൽ വിറ്റഴിക്കാതിരിക്കുന്ന 40 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ പരമാവധി കിഴിവിൽ വിറ്റഴിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ കയർ-ഭൂവസ്ത്രം പരിചയപ്പെടുത്തുന്നതിനും ഉപയോഗം വ്യാപിപ്പിക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ സർക്കാർതലത്തിൽ നടത്തിവരുന്നുണ്ട്. തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാനും കയർ സംഘങ്ങളെ സഹായിക്കാനുമാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (2) <u>ദേശീയപാത വികസനം</u>

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: പ്രധാന ജംഗ്ഷനുകളിലും ടൗണുകളിലും പട്ടണങ്ങളിലും അണ്ടർപാസ്സുകളും ഫ്ലൈഓവറുകളും റോഡ് മുറിച്ചുകടക്കാനുള്ള സൗകര്യവും ഏർപ്പെടുത്തിയും ബസ് കാത്തിരിപ്പു കേന്ദ്രങ്ങളും ബസ് ബേകളും നിർമ്മിച്ച് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ ദേശീയപാത വികസനം സാദ്ധ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ദേശീയശരാശരിയേക്കാൾ ഉയർന്ന വാഹന സാന്ദ്രതാനിരക്കാണ് കേരളത്തിലുള്ളത്. വാഹനപെരുപ്പം പരിഹരിക്കാൻ ദേശീയപാതയുടെ വികസനം പൂർത്തീകരിക്കലാണ് സർക്കാരിന്റെ ലക്ഷ്യം. തലപ്പാടി മുതൽ തിരുവനന്തപുരം ജില്ലാതിർത്തി വരെ നീളുന്ന ദേശീയപാത 66-ൽ എല്ലായിടത്തും പ്രവൃത്തി ആരംഭിക്കാനും 1062.96 ഹെക്ടർ ഭൂമി ഏറ്റെടുക്കാനും സാധിച്ചിട്ടുണ്ട്. ദേശീയപാത 66-ൽ 15 റീച്ചുകളുടെ പ്രവൃത്തി പുരോഗമിക്കുകയും ആറെണ്ണത്തിന്റെ പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയുമാണ്. അരൂർ, തുറവൂർ റീച്ചിൽ എലവേറ്റഡ് ഹൈവേയുള്ള ഡി.പി.ആർ. തയ്യാറാക്കിവരികയാണ്. തലപ്പാടി മുതൽ ചെങ്കള വരെയുള്ള 39 കിലോമീറ്റർ ആറുവരി പാതയാക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. ജനങ്ങളുടെ യാത്രാസൗകര്യം തടസ്സപ്പെടാത്തവിധം സർവ്വീസ് റോഡുകളും അടിപ്പാതകളും ഫ്ലൈഓവറുകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്തികളാണ് എൻ.എച്ച്.എ.ഐ നടത്തിവരുന്നത്. അഡീഷണൽ സ്ലൂച്ചുകൾ നിർമ്മിക്കുകയോ നിലവിലുള്ളവ പുതിയ സ്ലൂച്ചുകളാക്കി മാറ്റംവരുത്തുകയോ ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

## IV. സബ്മിഷൻ

### 1. കോഴിക്കോട് വിമാനത്താവളത്തിൽ നിന്ന് കൂടുതൽ സർവ്വീസുകൾ

ശ്രീ. ടി. വി. ഇബ്രാഹിം: കോഴിക്കോട് വിമാനത്താവളത്തിൽനിന്നും കൂടുതൽ ആഭ്യന്തര സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണം ഗ്രാമവികസനം എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): 2020-ലെ വിമാനദുരന്തത്തെത്തുടർന്ന് കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും വലിയ വിമാനങ്ങൾക്ക് യാത്രാവിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. അപകടകാരണം കണ്ടെത്തിയാൽ മാത്രമേ സർവ്വീസ് പുനരാരംഭിക്കാൻ സാധിക്കുകയുള്ളൂ. വിലക്ക് പിൻവലിക്കണമെന്ന് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയോടും പ്രധാനമന്ത്രിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. റൺവേ വികസനം പൂർത്തിയാകുന്നതോടെ വലിയ വിമാന സർവ്വീസുകൾ പുനരാരംഭിക്കാനാകും.

## 2. കുറ്റിയാർവാലിയിലെ പട്ടയ നടപടി

ശ്രീ. എ. രാജ: കുറ്റിയാർവാലിയിൽ വീടുവയ്ക്കാൻ അനുയോജ്യമായ ഭൂമി നൽകുന്നതിനും ലൈഫ് മിഷനിൽ ഉൾപ്പെട്ട വീടുകൾ നിർമ്മിക്കുന്നതിന് അനുവാദം നൽകുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ദേവികുളം താലൂക്കിലെ കുറ്റിയാർവാലിയിൽ ഭൂരഹിതർക്ക് ഭൂമിയും പട്ടയവും നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 1200 പട്ടയ ഫയലുകളിൽ 1035 പട്ടയങ്ങൾക്ക് കരം ഒടുക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. പട്ടയം ലഭിച്ച വാസയോഗ്യമല്ലാത്ത ഭൂമിക്ക് പകരം ഭൂമി ലഭ്യതയനുസരിച്ച് അനുവദിക്കുന്നതാണ്.

## 3. പ്രകൃതി ദുരന്തങ്ങളിൽപ്പെട്ടവർക്കുള്ള നഷ്ടപരിഹാരത്തുക

ശ്രീ. പി. മമ്മിക്കുട്ടി: പ്രകൃതി ദുരന്തങ്ങളിൽപ്പെട്ടവർക്ക് എസ്.ഡി.ആർ.എഫ്., സി.എം.ഡി.ആർ.എഫ്. തുകകൾ സംയോജിപ്പിച്ച് നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രകൃതിദുരന്തത്തിൽപ്പെട്ടവർക്ക് എസ്.ഡി.ആർ.എഫ്.-ൽനിന്ന്

ലഭ്യമാകുന്നത് പരിമിതമായ തുകയായതിനാൽ CMDRF-ഉം കൂടി അനുവദിച്ചാൽ മാത്രമേ വർദ്ധിച്ച നഷ്ടപരിഹാരത്തുക നൽകാൻ സാധിക്കുകയുള്ളൂ. നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കുന്ന വിഷയം കേന്ദ്ര സർക്കാരിൽ നേരിട്ട് അറിയിച്ചിട്ടുള്ളതും പാർലമെന്റ് അംഗങ്ങളുടെ യോഗത്തിൽ ഉന്നയിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി കാനകൾ, സൈഡ് വാൾ എന്നിവ നിർമ്മിക്കുന്നതിന് പണം അനുവദിക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും കേന്ദ്രഗവൺമെന്റ് അനുകൂല സമീപനം സ്വീകരിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത വിഷയം വീണ്ടും കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

## 4. കാപ്പാട് പ്രദേശത്തെ കടലാക്രമണം

ശ്രീമതി കാനത്തിൽ ജമീല: പുലിമുട്ട്, സംരക്ഷണഭിത്തി എന്നിവ നിർമ്മിച്ച് കാപ്പാട് പ്രദേശത്തെ കടലാക്രമണത്തിൽനിന്ന് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കടലാക്രമണ ഭീഷണി നേരിടുന്ന തീരദേശങ്ങളുടെ ഹോട്ട്സ്പോട്ട് പട്ടികയിൽ കാപ്പാട് ഉൾപ്പെട്ടിട്ടുണ്ട്. തീരദേശ സംരക്ഷണ പ്രവൃത്തികളുമായി ബന്ധപ്പെട്ട പഠനം

നടത്താൻ ചെന്നൈ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ചുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുള്ളതും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പ്രധാന ടൂറിസ്റ്റ് കേന്ദ്രമെന്ന നിലയിൽ കാപ്പാടിന് മുൻഗണന നൽകുന്നതുമാണ്. തീരദേശങ്ങളിലെ അതിരൂക്ഷമായ കടലാക്രമണം തടയുന്നതിനാവശ്യമായ ധനസമാഹരണത്തിനുള്ള നടപടികളാരംഭിച്ചിട്ടുള്ളതും കാപ്പാട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ അത്യാവശ്യ പ്രവൃത്തികൾ ചെയ്യുന്നതിന് നിർദ്ദേശം നൽകുന്നതുമാണ്.

## 5. ദേശീയപാതയിലെ പനയംപാട് വളവ്

ശ്രീമതി ശാന്തകുമാരി കെ.: പാലക്കാട്-കോഴിക്കോട് ദേശീയപാത 966-ലെ പനയംപാട് വളവ് നിവർത്തി റോഡപകടം കുറയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): പനയംപാട് വളവിൽ വാഹനാപകടം കുറയ്ക്കുന്നതിന് സുരക്ഷാ മുന്നറിയിപ്പ്, വേഗതാ നിയന്ത്രണ മുന്നറിയിപ്പ്, റംപിൾ സ്ട്രിപ് നിർമ്മാണം, താൽക്കാലിക മീഡിയൻ തുടങ്ങിയവ സജ്ജമാക്കിയിരുന്നുവെങ്കിലും മഴക്കാലത്ത് അമിത വേഗതയിലെത്തുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. സ്ഥലമേറ്റെടുത്ത് വളവ്

നിവർത്തി പ്രവൃത്തി ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നകാര്യം കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെയും ദേശീയപാത അതോറിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

6. മുതലക്കുറിച്ചിക്കൽ, കൊട്ടുന്താർ-മേൽപ്പാടം പാലങ്ങളുടെ നിർമ്മാണം

ശ്രീ. രമേശ് ചെന്നിത്തല: മുതലക്കുറിച്ചിക്കൽ, കൊട്ടുന്താർ-മേൽപ്പാടം പാലങ്ങളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഹരിപ്പാട് നിയോജകമണ്ഡലത്തിലെ മുതലക്കുറിച്ചിക്കൽ പാലത്തിന്റെ സ്പാനും പ്രീസ്ട്രസ്ഡ് വോയിഡഡ് സ്ലാബും അപ്രോച്ച് റോഡുമാണ് പൂർത്തീകരിക്കാനുള്ളത്. കരാറുകാർ ഉപേക്ഷിച്ച പ്രസ്തുത പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്ക് അധികതുക കണ്ടെത്തേണ്ടതുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെട്ട കൊട്ടുന്താർ-മേൽപ്പാടം പാലത്തിന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചീഫ് എഞ്ചിനീയർ (ഡിസൈൻ വിഭാഗം) പുതുക്കിയ ഡി.പി.ആർ. ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## 7. ഡയാലിസിസ് കേന്ദ്രങ്ങൾ

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: വൃക്കരോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഡയാലിസിസ് കേന്ദ്രങ്ങൾ വിപുലീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സംസ്ഥാന ആരോഗ്യ വകുപ്പ് വൃക്ക രോഗികൾക്കായി ജില്ല/ജനറൽ/താലൂക്കാശുപത്രികളിൽ 97 ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആർദ്രം സ്റ്റാന്റേർഡൈസേഷന്റെ ഭാഗമായി താലൂക്കുതല ആശുപത്രി മുതൽ ആരംഭിച്ചിട്ടുള്ള സ്പെഷ്യാലിറ്റി സർവ്വീസുകൾ വഴി 1011 ഡയാലിസിസ് മെഷീനുകൾ ഉപയോഗിച്ച് പ്രതിമാസം നാല്പത്തി രണ്ടായിരത്തോളവും 10 മെഡിക്കൽ കോളേജുകളിലായി പതിനായിരത്തോളവും ഡയാലിസിസുകൾ നടത്തിവരുന്നുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും നെഫ്രോളജിസ്റ്റുകളുടെ സേവനവും രോഗനിർണ്ണയത്തിനാവശ്യമായ സ്കാനിംഗ് ഉൾപ്പെടെയുള്ള നൂതന ഉപകരണങ്ങളും ലഭ്യമാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലൂടെ സൗജന്യമായി ഡയാലിസിസും പദ്ധതിയിൽ അംഗമല്ലാത്തവർക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് മുഖാന്തരം ചികിത്സാ സഹായവും നൽകുന്നുണ്ട്.

8. <u>തൃശ്ശൂർ ജില്ലാ ആശുപത്രിയുടെ പ്രവർത്തനം</u>

<u>ശ്രീ. പി. ബാലചന്ദ്രൻ</u>: തൃശ്ശൂർ ജില്ലാ ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ഡോക്ടർമാരെ സ്ഥിരമായി നിയമിക്കാനും കിഫ്ബിവഴി അനുവദിച്ച തുക വിനിയോഗിച്ച് ആശുപത്രിയുടെ വികസനപ്രവർത്തനങ്ങൾ നടത്താനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ RMO, ഡെപ്യൂട്ടി സൂപ്രണ്ട് എന്നിവർക്ക് പുറമേ വിവിധ വിഭാഗങ്ങളിലായി 49 ഡോക്ടർമാരുൾപ്പെടെ 309 ജീവനക്കാരുടെ സ്ഥിരം തസ്തികകൾ നിലവിലുണ്ട്. ഓർത്തോ/ഒഫ്ത്താൽമോളജി/ഗൈനക്കോളജി വിഭാഗങ്ങളിൽ നിലവിൽ ഒഴിവുകളൊന്നുമില്ലാത്തതിനാൽ ഡോക്ടർമാരുടെ തസ്തികകൾ അധികമായി സൃഷ്ടിക്കാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്. കിഫ്ബിവഴിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതാണ്.

9. <u>അത്തൂരിലെ വെള്ളക്കെട്ട് നിവാരണം</u>

<u>ശ്രീമതി ദെലീമ</u>: അരൂരിലെ വെള്ളക്കെട്ട് നിവാരണത്തിന് കിഫ്ബി പദ്ധതിയിലൂടെ ഫണ്ട് അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കടൽക്ഷോഭം രൂക്ഷമായ പ്രദേശങ്ങൾ കണ്ടെത്തുന്നതിനുള്ള പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രദേശങ്ങൾക്ക് മുൻഗണന നൽകി തീരദേശ സംരക്ഷണത്തിനുള്ള ബൃഹത്തായ രൂപരേഖ തയ്യാറാക്കി കിഫ്ബി ധനസഹായത്തോടെ തീരദേശ സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ അഴൂർ മേഖലയിലെ തീരദേശമുൾപ്പെടുന്ന മുറയ്ക്ക് സംരക്ഷണത്തിനായുള്ള പദ്ധതികൾ പരിഗണിക്കുന്നതാണ്.

10. ആലുവയിലെ കിഫ്ബി മുഖേനയുള്ള റോഡുകളുടെ നിർമ്മാണം

ശ്രീ. അൻവർ സാദത്ത്: ആലുവ-മൂന്നാർ, ആലുവ-പെരുമ്പാവൂർ എന്നീ റോഡുകളുടെ അലൈൻമെന്റ് ഫിക്സ് ചെയ്യുന്നതിനും ദേശം-വല്ലംകടവ്-സീപോർട്ട്-എയർപോർട്ട് റോഡുകളുടെ ഭൂമിയേറ്റെടുക്കൽ നടപടി പൂർത്തിയാക്കി പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ആലുവ-മൂന്നാർ റോഡ് നിർമ്മാണത്തിന് ഭൂമിയേറ്റെടുക്കുന്നതിന് 653 കോടി രൂപയുടെ ധനാനുമതി നൽകുകയും നിർവ്വഹണ ഏജൻസിയായ കേരള

റോഡ് ഫണ്ട് ബോർഡ് ഡിസൈൻ നടപടികൾ നിർവ്വഹിച്ചുവരികയുമാണ്. ആലുവ-പെരുമ്പാവൂർ റോഡിന്റെ ഡിസൈൻ നടപടികൾ കേരള റോഡ് ഫണ്ട് ബോർഡ് നിർവ്വഹിച്ചുവരുന്നതും വിശദ പഠന റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് ധനാനുമതിയും സാങ്കേതികാനുമതിയും നൽകി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതുമാണ്. ദേശം-വല്ലംകടവ് റോഡിന് 81.09 കോടിരൂപയുടെ ധനാനുമതി നൽകിയെങ്കിലും കിഫ്ബി മാനദണ്ഡപ്രകാരമുള്ള വീതി ലഭ്യമല്ലാത്തതിനാൽ ഫുൾ ഡെപ്ത്ത് റിക്ലമേഷൻ സാങ്കേതികവിദ്യാ വിഭാഗത്തിലുൾപ്പെടുത്തി നവീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ റോഡുകളുടെ താത്കാലിക അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനായി റോഡ് ഫണ്ട് ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ട്. സീപോർട്ട്-എയർപോർട്ട് റോഡിന് 437.28 കോടി രൂപയുടെ ധനാനുമതി നൽകുകയും സ്ഥലമേറ്റെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ നടപടി പൂർത്തീകരിച്ച് പദ്ധതി എസ്.പി.വി.യായ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ആരംഭിക്കുന്നതുമാണ്.

## V. റിപ്പോർട്ടുകളുടെ സമർപ്പണം.

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനാല് മുതൽ ഇരുപത്തിയൊന്ന് വരെയുള്ള റിപ്പോർട്ടും അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ടും സമർപ്പിച്ചു.

## VI. ക്രമപ്രശ്നം

<u>അനൗദ്യോഗിക പ്രമേയം ഗവൺമെന്റ് പ്രമേയമായി കൊണ്ടുവരുന്നതിലെ അനൗചിത്യം</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): ഐകകണ്ഠ്യേന പാസ്സാക്കേണ്ട ഗവൺമെന്റ് പ്രമേയം പ്രതിപക്ഷത്തോട് ആലോചിക്കാതെ ലിസ്റ്റ് ചെയ്തതും അനൗദ്യോഗിക പ്രമേയമായി സഭയിൽ കൊണ്ടുവരുന്നതിന് ഷെഡ്യൂൾ ചെയ്തിരുന്ന വിഷയംതന്നെ ഗവൺമെന്റ് പ്രമേയമായി കൊണ്ടുവരുന്നതും അനുചിതമാണ്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>): അവധിക്കുശേഷം 12-ാം തീയതി സുപ്രീംകോടതി പ്രവർത്തനം തുടങ്ങുമ്പോൾതന്നെ മോഡിഫിക്കേഷൻ പെറ്റീഷൻ സബ്മിറ്റ് ചെയ്യുന്നതിനുവേണ്ടിയാണ് ഇന്ന് പ്രമേയം പരിഗണിക്കാൻ സർക്കാർ തീരുമാനിച്ചത്. അനൗദ്യോഗിക പ്രമേയം അവതരിപ്പിക്കുന്നതിന് അനുമതി

ലഭിച്ച അംഗത്തിന് അത് ഗവൺമെന്റ് പ്രമേയമായി കൊണ്ടുവരുന്നതിനോട് എതിർപ്പില്ലെന്ന് അറിയിച്ചിരുന്നു. ഇന്നലത്തെ പ്രത്യേക സാഹചര്യത്തിൽ പ്രതിപക്ഷനേതാവുമായി ഇക്കാര്യം ചർച്ച ചെയ്യാൻ സാധിച്ചില്ല. അംഗങ്ങളുടെ അവകാശത്തെ കവർന്നെടുക്കാൻ ബോധപൂർവ്വമെടുത്ത നടപടിയായി കരുതേണ്ടതില്ല.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: അനൗദ്യോഗിക പ്രമേയം സർക്കുലേറ്റ് ചെയ്തതിനുശേഷം അതേ വിഷയത്തിൽ ഗവൺമെന്റ് പ്രമേയം വരുന്നത് അനുചിതമാകയാൽ അക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത പ്രമേയത്തിന്റെ ഉള്ളടക്കത്തോട് അഭിപ്രായ വ്യത്യാസമില്ലാത്തതിനാൽ പ്രമേയം പരിഗണനയ്ക്കെടുക്കാം.

## VII. ഗവൺമെന്റ് പ്രമേയം

<u>ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നത് സംബന്ധിച്ച്</u>

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): "സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ ഉണ്ടായിരിക്കണമെന്ന 2022 ജൂൺ 3-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി ജനവാസ മേഖലകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ഇക്കോ

സെൻസിറ്റീവ് സോൺ നിശ്ചയിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ തീരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നതാണ്. വളരെ കുറഞ്ഞ ഭൂവിസ്തൃതിയുള്ള കേരള സംസ്ഥാനത്തിന്റെ 30 ശതമാനത്തോളം വനവും ആകെ ഭൂപ്രദേശത്തിന്റെ 48 ശതമാനത്തോളം പശ്ചിമഘട്ട മലനിരകളും കൂടാതെ നിരവധിയായ തടാകങ്ങളും കായലുകളും നെൽവയലുകളും മറ്റ് തണ്ണീർത്തടങ്ങളും അടങ്ങിയിട്ടുള്ളതാണ്, സംസ്ഥാനത്തെ ജനസാന്ദ്രത സ്ക്വയർ കിലോമീറ്ററിൽ 900-ന് മുകളിലാണ്. ഇപ്പോഴത്തെ ജനസംഖ്യ 3.5 കോടിയുമാണ്. ജനവാസത്തിന് അനുയോജ്യമായ ഭൂപ്രദേശങ്ങൾ സംസ്ഥാനത്ത് വളരെ കുറവാണ്. ഇക്കാരണങ്ങളാൽ ജനവാസ മേഖലകൾ പൂർണമായും ഇക്കോ സെൻസിറ്റീവ് സോണിന്റെ പരിധിയിൽനിന്നും ഒഴിവാക്കിക്കൊണ്ട് സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലായിരുന്നു. അന്തിമ തീരുമാനം വരാനിരിക്കെയാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഇപ്പോഴത്തെ വിധി വന്നിട്ടുള്ളത്. കേരളത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധി സംസ്ഥാനത്ത് നടപ്പിലാക്കിയാൽ ആയത് പൊതുതാൽപര്യത്തെ ബാധിക്കുന്നതും ജനജീവിതം ദുരിതത്തിലാക്കുന്നതുമാണ്. അപ്രകാരം ഇക്കോ സെൻസിറ്റീവ്

സോൺ നിശ്ചയിക്കുന്നപക്ഷം കേന്ദ്ര സർക്കാർ 09-02-2011-ൽ വിജ്ഞാപനം ചെയ്ത മാനദണ്ഡങ്ങൾ കേരളത്തിൽ നടപ്പിലാക്കുന്നതിന് വിവിധ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നതാണ്. മേൽ പ്രസ്താവിച്ച പ്രത്യേക സാഹചര്യങ്ങൾ പരിഗണിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പ്രകാരം ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കണമെന്നതിൽനിന്നും സംസ്ഥാനത്തെ ഒഴിവാക്കി, ബഹുമാനപ്പെട്ട സുപ്രീംകോടതി തന്നെ വ്യക്തമാക്കിയ പ്രകാരം അതീവ പൊതുതാൽപര്യം പരിഗണിച്ച് സംസ്ഥാനത്തെ വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ചുറ്റുമുള്ള ജനവാസ മേഖലകൾ, കൃഷിയിടങ്ങൾ, പൊതുസ്ഥാപനങ്ങൾ എന്നിവ പൂർണമായും ഒഴിവാക്കിക്കൊണ്ട് ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിനും ഇപ്രകാരം സംസ്ഥാനം ഇതിനകം സമർപ്പിച്ച നിർദ്ദേശങ്ങൾ പരിഗണിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും ഇതിന് ആവശ്യമെന്ന് കണ്ടാൽ ഉചിതമായ നിയമ നടപടികളും നിയമ നിർമ്മാണത്തിനുള്ള നടപടികളും സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ഈ സഭ ഐകകണ്ഠ്യേന അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

സർവ്വശ്രീ. എൻ. ഷംസുദ്ദീൻ, മഞ്ഞളാംകുഴി അലി, ടി. സിദ്ദിഖ്, സണ്ണി ജോസഫ് എന്നീ അംഗങ്ങൾ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

3. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ മൂന്നാമത്തെ വരിയിൽ "കൂടാതെ" എന്നതിനുശേഷം "590 കിലോമീറ്റർ കടൽ തീരവും"എന്നത് കൂട്ടിച്ചേർക്കുക.

4. പ്രമേയത്തിലെ രണ്ടാമത്തെ ഖണ്ഡികയിൽ പത്താമത്തെ വരിയിൽ "പരിഗണനയിലായിരുന്നു" എന്നതിനുശേഷം "ആയതിന്മേൽ" എന്നത് കൂട്ടിച്ചേർക്കുക.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതിചെയ്തപ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന പാസ്സാക്കി.

## VIII. ധനകാര്യം

### 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും (6283,45,51,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം (367,72,99,000 രൂപ)

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. മുരളി പെരുനെല്ലി: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രതിസന്ധികൾക്കിടയിലും ദേശീയതലത്തിൽ ആരോഗ്യമേഖലയ്ക്ക് ഒന്നാംസ്ഥാനം നിലനിർത്താനായതും മറ്റ് പുരസ്കാരങ്ങൾ നേടാനായതും അഭിമാനകരമായ നേട്ടമാണ്. ആരോഗ്യരംഗത്തെ മെച്ചപ്പെട്ട പ്രവർത്തനത്തിലൂടെ മാതൃ-ശിശു മരണനിരക്ക് കുറയ്ക്കാനായത് അഭിനന്ദനാർഹമാണ്. 2025-ഓടെ കേരളത്തെ ക്ഷയരോഗമുക്ത സംസ്ഥാനമായി മാറ്റിയെടുക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. മധ്യകേരളത്തിലെ പ്രധാനപ്പെട്ട കേന്ദ്രമായ തൃശ്ശൂർ മെഡിക്കൽ കോളേജിനെ യൂണിവേഴ്സിറ്റിയായും ആർ.സി.സി. കേന്ദ്രമായും ഉയർത്താനും സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളെ ശക്തിപ്പെടുത്താനും മണലൂർ മണ്ഡലത്തിലെ വാടാനപ്പിള്ളി പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. സനീഷ്കുമാർ ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. റവന്യൂ വരുമാനത്തിന്റെ 18.8 ശതമാനം തുക പലിശയിനത്തിൽ ചെലവഴിക്കുന്നതും നികുതി പിരിവ് ഊർജ്ജിതമാക്കാത്തതും നിത്യോപയോഗ സാധനങ്ങളുടെയും ഭക്ഷണശാലകളിലെയും വില നിയന്ത്രിക്കാത്തതും വിപണിയിടപെടൽ നടത്താത്തതും സർക്കാരിന്റെ

പരാജയമാണ്. മത്സ്യമേഖലയിലുള്ളവർക്കും ഓട്ടോ-ടാക്സി തൊഴിലാളികൾക്കും ഇന്ധന സബ്സിഡി നൽകാത്തത് പ്രതിഷേധാർഹമാണ്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖേന മരുന്നുകൾ, പ്രതിരോധ ഉപകരണങ്ങൾ എന്നിവ വാങ്ങിയതിലെ അഴിമതി അന്വേഷിക്കണം. തൃശ്ശൂർ മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കുന്നതിനും വിവിധ വിഭാഗങ്ങളിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനും സൂപ്പർ സ്പെഷ്യാലിറ്റി, റേഡിയേഷൻ റൂം, ട്രോമാ കെയർ എന്നീ വിഭാഗങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിനും ചാലക്കുടി താലൂക്കാശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്തുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോവിഡ് കാലത്ത് ആശുപത്രികളെ സുസജ്ജമാക്കാൻ സാധിച്ചതും മുതിർന്ന പൗരന്മാർക്കും ബി.പി.എൽ. കുടുംബത്തിൽപ്പെട്ട രോഗികൾക്കും വീടുകളിൽ മരുന്നെത്തിക്കാൻ സാധിച്ചതും 24-ഓളം ആശുപത്രികളിൽ ക്യാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയതും മാതൃ-ശിശു മരണനിരക്ക് കുറയ്ക്കാൻ സാധിച്ചതും അഭിനന്ദനാർഹമാണ്. 350 സർക്കാർ ആശുപത്രികളിൽ ഇ-ഹെൽത്ത് സംവിധാനം ഏർപ്പെടുത്തിയതും

പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയതും ജനനം മുതൽ മരണം വരെയുള്ള ചികിത്സാ രേഖകൾ യു.ഐ.ഡി. മുഖാന്തരം ബന്ധിപ്പിച്ചതും സർക്കാരിന്റെ നേട്ടമാണ്. 'നിർഭയ', 'കാതോർത്ത്' എന്നീ പദ്ധതികളിലൂടെ സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടി ശ്രദ്ധേയമാണ്. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും കാഞ്ഞങ്ങാട് ജില്ലാശുപത്രിയിൽ കാത്ത് ലാബ് സൗകര്യവും പൂടംകല്ല് താലൂക്കാശുപത്രിയിൽ ഡയാലിസിസ് സംവിധാനവും അടിയന്തരമായി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം. സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ജില്ലാശുപത്രിയുമായി ബന്ധപ്പെടുത്തി പ്രവർത്തനം കാര്യക്ഷമമാക്കണം.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരമില്ലായ്മ സർക്കാർ ഗൗരവമായി കാണണം. സംസ്ഥാനത്ത് സ്വന്തമായി മരുന്നുല്പാദനശാലകൾ ആരംഭിക്കണം. പേവിഷബാധയ്ക്ക് വാക്സിനെടുത്തിട്ടും രോഗി മരണപ്പെടാനിടയായ സാഹചര്യം അന്വേഷിക്കാനും സമഗ്ര പേവിഷബാധ പ്രതിരോധ നിയന്ത്രണ പരിപാടിക്ക് രൂപം നൽകാനും നടപടിയുണ്ടാകണം.

കോവിഡ് വാക്സിനേഷനെത്തുടർന്ന് മരണപ്പെട്ടവർക്ക് സാമ്പത്തിക സഹായം നൽകാനും പനിബാധിതർ കൂടുന്ന സാഹചര്യത്തിൽ ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാരുടെയും ജീവനക്കാരുടെയും സേവനം ഉറപ്പാക്കാനും ഹീമോഫീലിയ രോഗികൾ നേരിടുന്ന മരുന്നുക്ഷാമം പരിഹരിക്കാനും തയ്യാറാകണം. കുറ്റിപ്പുറം താലൂക്കാശുപത്രിയുടെ വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കണം.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോവിഡിനും നിപയ്ക്കുമെതിരെ സർക്കാർ സ്വീകരിച്ച പ്രതിരോധമാർഗ്ഗം ദേശീയ-അന്തർദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ടതാണ്. നീതി ആയോഗിന്റെ സൂചികയിൽ ആരോഗ്യ മേഖലയിൽ കേരളത്തിന് ഒന്നാം സ്ഥാനം കരസ്ഥമാക്കാനായതും ശിശുമരണ നിരക്ക് കുറയ്ക്കാൻ കഴിഞ്ഞതും ബി.പി.എൽ. വിഭാഗത്തിലുള്ളവർക്കും പ്രായമായവർക്കും വീടുകളിൽ മരുന്നെത്തിക്കാനായതും വീടുകളിൽ പോയി ഡയാലിസിസ് ചെയ്യുന്ന സംവിധാനമേർപ്പെടുത്താനായതും സർക്കാരിന്റെ നേട്ടങ്ങളാണ്.

<u>ശ്രീ. ജോബ് മൈക്കിൾ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ ആരോഗ്യരംഗം ലോകത്തിന് മാതൃകയാണ്. ആർദ്രം പദ്ധതിയിലൂടെ ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും

ആരോഗ്യമേഖലയിൽ 326 പുതിയ തസ്തികകൾ സൃഷ്ടിക്കാനും മെച്ചപ്പെട്ട സൗകര്യങ്ങളൊരുക്കി കോവിഡിനെ പ്രതിരോധിക്കാനും ആയുർവേദ, ഹോമിയോ ചികിത്സാ സംവിധാനങ്ങൾ ശക്തിപ്പെടുത്താനും സാധിച്ചത് അഭിനന്ദനീയമാണ്. പെരിറ്റോണിയൽ ഡയാലിസിസ് സംവിധാനം മുഴുവൻ ജില്ലകളിലും നടപ്പിലാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ഇ-ഹെൽത്ത്, ഓൺലൈൻ ഒ.പി. സംവിധാനം, മുതിർന്ന പൗരന്മാർക്കും ബി.പി.എൽ. വിഭാഗങ്ങൾക്കുമുള്ള സൗജന്യമരുന്ന് വിതരണം, കുട്ടികളിലെ മൊബൈൽ ഉപയോഗം കുറയ്ക്കാൻ 'ഡീ-ഡാഡ്' പദ്ധതി എന്നിവ സർക്കാരിന്റെ പ്രതിബദ്ധതയെ ചൂണ്ടിക്കാണിക്കുന്നു. ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും എൻ.എസ്.എസ്. ഹോമിയോ മെഡിക്കൽ കോളേജിന് പുതിയ ആശുപത്രി കെട്ടിടം നിർമ്മിക്കാൻ തുക അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോവിഡ് ജാഗ്രതാ പട്ടികയിൽ കേരളത്തിലെ 7 ജില്ലകൾ ഉൾപ്പെട്ടിട്ടുണ്ടെന്നുള്ളത് ഗൗരവതരമാണ്. കോവിഡാനന്തര മരണം സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിനും ബൂസ്റ്റർ ഡോസ് ലഭിക്കുന്നതിനുള്ള കാലതാമസം

ഒഴിവാക്കുന്നതിനും തയ്യാറാകണം. സർക്കാർ ആശുപത്രികളിൽ സ്കാനിംഗ്, ശസ്ത്രക്രിയ എന്നിവയ്ക്കായി രോഗികൾ കാത്തിരിക്കേണ്ട സ്ഥിതിവിശേഷം ഒഴിവാക്കുകയും മരുന്നുകളുടെ ഗുണനിലവാര പരിശോധന കർശനമാക്കുകയും വേണം. റാബീസ് വാക്സിൻ സ്വീകരിച്ച 14 പേർ മരണപ്പെട്ടുവെന്ന വാർത്തയും തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അവയവമാറ്റ ശസ്ത്രക്രിയയിലുണ്ടായ അനാസ്ഥയും പരിശോധിച്ച് നടപടി സ്വീകരിക്കണം. സർക്കാർ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പുനഃക്രമീകരിക്കണം. പിറവം താലൂക്കാശുപത്രി വികസനം യാഥാർത്ഥ്യമാക്കണം.

<u>ശ്രീമതി ഒ. എസ്. അംബിക</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യവകുപ്പിന് നീതി ആയോഗ് സൂചികയിൽ ഒന്നാം സ്ഥാനം ഉൾപ്പെടെ നിരവധി ബഹുമതികൾ ലഭ്യമായതും ശിശുമരണനിരക്ക് കുറയ്ക്കുന്നതിനുള്ള പദ്ധതി, ആവാസ് ഇൻഷ്വറൻസ്, ഇ-സഞ്ജീവനി ടെലിമെഡിസിൻ പ്ലാറ്റ്ഫോം, സ്കൂൾ ഹെൽത്ത് പ്രോഗ്രാം, ആർദ്രം മിഷൻ-2, പെരിറ്റോണിയൽ ഡയാലിസിസ് സംവിധാനം, സൗജന്യ സ്ട്രോക്ക് ചികിത്സ തുടങ്ങിയവ നടപ്പിലാക്കിയതും ആരോഗ്യ വകുപ്പിൽ 326 തസ്തികകൾ സൃഷ്ടിക്കാൻ സാധിച്ചതും സ്വാഗതാർഹമാണ്. സർക്കാർ ആശുപത്രികളിൽ ക്യാൻസർ പ്രാരംഭ പരിശോധനാ ക്ലിനിക്കുകൾ ആരംഭിച്ചതോടൊപ്പം

ക്യാൻസർ കെയർ ഗ്രിഡ് രൂപീകരിച്ച് ചികിത്സ ഉറപ്പാക്കുന്നതിനും സാധിച്ചിട്ടുണ്ട്. മുപ്പത് വയസ്സിനുമുകളിൽ പ്രായമുള്ളവരിലെ ജീവിതശൈലീ രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ ആശാ വർക്കർമാർ മുഖേന ശേഖരിക്കാൻ തീരുമാനിച്ചതും കോവിഡ് മരണങ്ങൾ കൃത്യമായി രേഖപ്പെടുത്താനായതും 'കനിവ്' ആംബുലൻസ് സർവ്വീസ് ആരംഭിച്ചതും 108 ആബുലൻസുകളിൽ വനിതാ ഡ്രൈവർമാരെ നിയമിച്ചതും ശ്രദ്ധേയമാണ്. 'ഏകാരോഗ്യ പദ്ധതി' നടപ്പിലാക്കുമെന്ന പ്രഖ്യാപനവും സർക്കാർ ആശുപത്രികളിലെ വിവിധ സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയതും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനസമയം ദീർഘിപ്പിച്ചതും ഈ മേഖലയോടുള്ള സർക്കാരിന്റെ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്.

ഡോ. സുജിത് വിജയൻപിള്ള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുജനാരോഗ്യ രംഗത്തെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനായതും കോവിഡ് മരണങ്ങൾ കൃത്യമായി രജിസ്റ്റർ ചെയ്യാനായതും അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ കഴിഞ്ഞതും ആരോഗ്യവകുപ്പിന്റെ പ്രവർത്തനമികവ് വ്യക്തമാക്കുന്നതാണ്. ആശുപത്രികൾ രോഗീസൗഹൃദമാക്കിയതും വിവിധ സേവനങ്ങൾക്ക്

ഓൺലൈൻ സൗകര്യമേർപ്പെടുത്തിയതും 'മിഠായി' പദ്ധതി നടപ്പിലാക്കിയതും 'ഏകാരോഗ്യ' പദ്ധതി പ്രഖ്യാപനവും സ്വാഗതാർഹമാണ്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളിൽ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷനുള്ള ആശുപത്രികൾക്ക് പ്രാധാന്യം നൽകുകയും സർക്കാർ മേഖലയിൽ എം.എൽ.റ്റി. ഉൾപ്പെടെയുള്ള കൂടുതൽ കോഴ്സുകൾ ആരംഭിക്കുകയും വേണം. നീണ്ടകര താലൂക്കാശുപത്രിയിൽ പോലീസ് എയ്ഡ് പോസ്റ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സർക്കാർ ആശുപത്രികളിൽ ജീവൻരക്ഷാ മരുന്നുകളുടെ ലഭ്യത ഉറപ്പാക്കാനും വകുപ്പുകളുടെ ഏകോപനമില്ലായ്മ രോഗികളുടെ മരണത്തിലേയ്ക്ക് നയിക്കുന്ന അവസ്ഥ ഒഴിവാക്കാനും നടപടി സ്വീകരിക്കണം. വയനാട് ജില്ലയിലെ അരിവാൾ രോഗബാധിതർക്കുള്ള പെൻഷൻ വിതരണം പുനരാരംഭിക്കുകയും രോഗനിർണ്ണയത്തിന് റിസർച്ച് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്യണം. സ്തംഭനാവസ്ഥയിലായിരിക്കുന്ന മാനന്തവാടി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മരുന്നുക്ഷാമം പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീമതി ദലീമ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ

ആരോഗ്യ മേഖല ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയാണ്. നീതി ആയോഗിന്റെ സൂചികയിൽ കേരളം ഒന്നാമതാണ്. മാതൃ-ശിശു മരണനിരക്ക് ഗണ്യമായി കുറയ്ക്കാൻ സാധിച്ചതും സ്ത്രീ സുരക്ഷയ്ക്ക് 'കനൽ' പദ്ധതി നടപ്പിലാക്കിയതും ബാലവേല തടയുന്നതിനുള്ള ഇടപെടൽ നടത്തിയതും ഇ-ഹെൽത്ത് സംവിധാനം വ്യാപിപ്പിച്ചതും ശ്രദ്ധേയമായ നടപടികളാണ്. ജീവിതശൈലീരോഗനിർണ്ണയത്തിന് 'ശൈലി ആപ്പ് ' ആരംഭിച്ചതും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സൂപ്പർ സെഷ്യാലിറ്റി സേവനങ്ങൾ ആരംഭിച്ചതും വീടുകളിൽ സൗജന്യ മരുന്ന് എത്തിച്ചുനൽകിയതും സ്വാഗതാർഹമാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എമർജൻസി മെഡിസിൻ സംവിധാനമൊരുക്കിയതും നൂതന സംവിധാനങ്ങളോടുകൂടിയ അത്യാഹിത വിഭാഗത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിച്ചതും 100 ഐ.സി.യു. കിടക്കകളുള്ള പ്രത്യേക ബ്ലോക്ക് സ്ഥാപിച്ചതും കൊല്ലം മെഡിക്കൽ കോളേജിൽ കാത്ത് ലാബ് പ്രവർത്തനസജ്ജമാക്കിയതും ആലപ്പുഴ, കോട്ടയം മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന് അനുമതി നൽകിയതും ശ്ലാഘനീയമാണ്. അരൂർ നിയോജകമണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും

സൗജന്യ ഡയാലിസിസ് സംവിധാനം ആരംഭിക്കുകയും ചെയ്ത നടപടിയെ അഭിനന്ദിക്കുന്നു. തുറവൂർ താലൂക്ക് ആശുപത്രിയിൽ എൻ.എച്ച്.എം. വഴി ഡോക്ടർമാരെ നിയമിക്കുന്നതിനും തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി, തുറവൂർ എന്നീ ആശുപത്രികളിൽ ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. 'ആരോഗ്യ കേരളം ഐശ്വര്യ കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സർക്കാരാണിത്. കേരളത്തിന്റെ ആരോഗ്യരംഗം ലോകത്തിനുതന്നെ മാതൃകയാണ്. സൗജന്യ കോവിഡ് വാക്സിനേഷൻ ഡ്രൈവ് നടത്തിയതും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയതും അഭിനന്ദനാർഹമാണ്. കണ്ണൂർ നിയോജകമണ്ഡലത്തിലെ ജില്ലാ ആശുപത്രിയിൽ 73 കോടി രൂപ ചെലവഴിച്ച് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചതും കിഫ്ബിയുടെ സഹായത്തോടെ മികച്ച ട്രോമാ കെയർ സംവിധാനമൊരുക്കിയതും എടുത്തുപറയത്തക്കതാണ്. ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാൻ ബോധവത്കരണം നടത്തുന്നതും രോഗനിർണ്ണയം നടത്തുന്നതിന് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതും

അഭിനന്ദനാർഹമാണ്. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളെ വെൽനസ് സെന്ററുകളാക്കി മാറ്റാൻ നടപടി സ്വീകരിക്കണം.

ശ്രീമതി യു. പ്രതിഭ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമസ്ത മേഖലകളിലും ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്ന സർക്കാരാണിത്. കിഫ്ബിയിലൂടെ വൻവികസന പ്രവർത്തനങ്ങളുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. കൂടുതലാളുകളെ ഗുണഭോക്താക്കളാക്കി സാമൂഹ്യക്ഷേമ പെൻഷൻ തുക വർദ്ധിപ്പിച്ച് നൽകിയതോടൊപ്പം ജീവനക്കാർക്ക് മെഡിസെപ് പദ്ധതി നടപ്പാക്കിയതും സ്വാഗതാർഹമാണ്. നവജാത ശിശുമരണ നിരക്ക് കുറഞ്ഞ സംസ്ഥാനമെന്ന ഖ്യാതി നേടിയെടുക്കാൻ സാധിച്ചതും മെച്ചപ്പെട്ട രീതിയിൽ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ നടപ്പാക്കാനായതും സ്ത്രീ സുരക്ഷയ്ക്കായി പ്രത്യേക പദ്ധതികൾ രൂപീകരിച്ചതും ശ്രദ്ധേയമാണ്. പൊതുജനാരോഗ്യ നയത്തിലൂടെ പി.എച്ച്.സി.-കളെ എഫ്.എച്ച്.സി.-കളാക്കി മാറ്റി മുഴുവൻ സമയവും ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയത് പ്രയോജനപ്രദമാണ്.

ശ്രീ. യു. എ. ലത്തീഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അലോപ്പതി, ആയുർവ്വേദം, ഹോമിയോ വിഭാഗങ്ങളെ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. മൃതസഞ്ജീവനി പദ്ധതിയിലൂടെ അവയവമാറ്റത്തിന്

കാത്തിരിക്കുന്നവരെ പരിപൂർണ്ണമായി സഹായിക്കണം. ആയുർവ്വേദ ഗ്ലോബൽ വില്ലേജ് പദ്ധതി നടപ്പാക്കുന്നതിനും കോവിഡ് പ്രതിരോധ മരുന്നിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനും ആരോഗ്യ വകുപ്പിൽ ഒരു സ്ഥിരം ഡയറക്ടറെ നിയമിക്കുന്നതിനും ഡി.എൻ.എ. ടെസ്റ്റിംഗ് ലാബുകളിൽ അടിസ്ഥാനസൗകര്യം ഉറപ്പാക്കി മതിയായ ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം. മഞ്ചേരി ജനറൽ ആശുപത്രിയിലെയും മെഡിക്കൽ കോളേജിലെയും പരിമിതികൾ പരിഹരിക്കണം. വിധവാ പെൻഷൻ നൽകുന്നതിലെ മാനദണ്ഡങ്ങൾ ലഘൂകരിക്കണം.

ശ്രീ. ജി. എസ്. ജയലാൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആരോഗ്യ-വിദ്യാഭ്യാസ മേഖലയിൽ മികച്ച സൗകര്യങ്ങളേർപ്പെടുത്തിയും സാമൂഹ്യക്ഷേമ പെൻഷൻ വർദ്ധിപ്പിച്ചും സാമൂഹ്യസുരക്ഷ ഉറപ്പാക്കി സമസ്ത മേഖലകളിലും വികസനം നടപ്പാക്കാനുള്ള നയങ്ങളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. ആരോഗ്യ മേഖലയിൽ ലോകത്തിനുതന്നെ മാതൃകയായ കേരള മോഡൽ സൃഷ്ടിക്കാനായതും നിരവധി അവാർഡുകൾ നേടിയെടുക്കാനായതും മെഡിസെപ് പദ്ധതി നടപ്പാക്കിയതും സർക്കാരിന്റെ നേട്ടങ്ങളാണ്.

<u>ഡോ. കെ. ടി. ജലീൽ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുജനാരോഗ്യരംഗത്ത് അഭൂതപൂർവ്വമായ വളർച്ച കൈവരിക്കാൻ സാധിച്ചത് ഇടതുപക്ഷ നയസമീപനങ്ങളുടെ ഫലമായാണ്. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന 1500 കോടി രൂപ ചെലവഴിച്ചതും 19,68,765 കുടുംബങ്ങളെ സൗജന്യ ചികിത്സാപരിധിയിൽ കൊണ്ടുവരാൻ സാധിച്ചതും നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് പ്രകാരം 64 സർക്കാർ ആശുപത്രികൾ സർട്ടിഫൈ ചെയ്യപ്പെട്ടിട്ടുള്ളതും അഭിനന്ദനാർഹമാണ്. മെഡിസെപ് പദ്ധതിയിൽ എല്ലാ ജില്ലകളിലെയും ആശുപത്രികളെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണം. കോട്ടയം മെഡിക്കൽ കോളേജിൽ ആദ്യമായി കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടപ്പാക്കിയതും തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ പ്രസ്തുത സൗകര്യമൊരുക്കുന്നതും അഭിമാനാർഹമാണ്. വൃക്ക, കരൾ അവയവമാറ്റവുമായി ബന്ധപ്പെട്ട ചൂഷണം അവസാനിപ്പിക്കണം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. മാറിമാറി വരുന്ന ഗവൺമെന്റുകളുടെ പ്രവർത്തന ഫലമായിട്ടാണ് ആരോഗ്യ/വിദ്യാഭ്യാസ മേഖലകളിൽ മികച്ച നേട്ടം കൈവരിക്കാനും ശിശുമരണ നിരക്ക് കുറയ്ക്കാനും സാധിച്ചത്. യു.ഡി.എഫ്. സർക്കാർ രൂപം

കൊടുത്ത പദ്ധതിയാണ് മൃതസഞ്ജീവിനി.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ചിട്ടയോടെയുമുള്ള പ്രവർത്തനവും ശാസ്ത്രീയമായ ചികിത്സാ രീതികളുമാണ് കോവിഡ് പ്രതിരോധത്തെ മികച്ചതും വ്യത്യസ്തവുമാക്കുന്നത്. കോവിഡ് മരണം സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിന് ആരോഗ്യ വകുപ്പ് പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. ഇപ്പോഴുണ്ടായിട്ടുള്ള കോവിഡിലെ നേരിയ വർദ്ധനവ് ആശങ്കപ്പെടുത്തുന്നതല്ലെങ്കിലും മുൻകരുതൽ തുടരേണ്ടതാണ്. ആരോഗ്യ പ്രവർത്തകരുടെ നിർദ്ദേശപ്രകാരംമാത്രം ചികിത്സ തേടേണ്ടതാണെന്ന ബോധവത്കരണം ആരോഗ്യ വകുപ്പ് നടത്തുന്നുണ്ട്. ആരോഗ്യമേഖലയിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ പൂർത്തീകരിക്കാനും ശിശുമരണ നിരക്ക് കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. 146 ആരോഗ്യ സ്ഥാപനങ്ങൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് പ്രകാരമുള്ള അംഗീകാരവും ചികിത്സാ മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്ക് നിരവധി പുരസ്കാരങ്ങളും കേരളത്തിന് ലഭ്യമായത് അഭിമാനകരമാണ്. കോവിഡ് രണ്ടാം തരംഗത്തിൽ ചികിത്സ ഉറപ്പാക്കുമ്പോഴും മൂന്നാം തരംഗത്തിനുള്ള ഒരുക്കങ്ങൾ നടത്താൻ സർക്കാരിന് സാധിച്ചു. സർക്കാർ/സ്വകാര്യ

മേഖലകളിലായി നിലവിൽ ലിക്വിഡ് ഓക്സിജന്റെ അധിക സംഭരണശേഷി ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കരൾ മാറ്റിവയ്ക്കൽ/ഹൃദയ ശസ്ത്രക്രിയകൾ വിജയകരമായി നടത്താൻ സാധിച്ചത് അഭിമാനകരമാണ്. പീഡിയാട്രിക് ഹൃദയ ശസ്ത്രക്രിയ ആരംഭിച്ചതും കേരള ക്യാൻസർ രജിസ്ട്രി പ്രവർത്തനമാരംഭിച്ചതും മലബാർ ക്യാൻസർ സെന്ററിനെ പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസസ് ആൻഡ് റിസർച്ചായി പ്രഖ്യാപിച്ചതും എല്ലാ ആശുപത്രികളിലും ആഴ്ചയിലൊരു ദിവസം ക്യാൻസർ പരിശോധനാ ക്ലിനിക്കുകൾ ആരംഭിക്കാനായതും സർക്കാരിന്റെ നേട്ടങ്ങളാണ്. സൗജന്യ പക്ഷാഘാത ചികിത്സ 10 ജില്ലകളിൽ യാഥാർത്ഥ്യമാക്കാനും സ്പൈനൽ മസ്കുലാർ അട്രോഫി ക്ലിനിക്ക് തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിൽ ആരംഭിക്കുവാനും സാധിച്ചിട്ടുണ്ട്. ആദിവാസി മേഖലകളിലെ ആരോഗ്യ കേന്ദ്രങ്ങളിൽ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുകയും അട്ടപ്പാടിക്കായി സ്പെഷ്യൽ ഇന്റർവെൻഷൻ പ്ലാൻ തയ്യാറാക്കുകയും 28 സബ് സെന്ററുകൾ ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററായി ഉയർത്തുകയും 175 അങ്കണവാടികളെ ബന്ധിപ്പിച്ച് 'പെൺട്രിക കൂട്ട്' എന്ന പേരിൽ സ്ത്രീ കൂട്ടായ്മ രൂപീകരിക്കുകയും ചെയ്തു. മൂന്ന് വർഷത്തിനുള്ളിൽ എല്ലാ ആശുപത്രികളിലും ഇ-ഹെൽത്ത്

സംവിധാനമേർപ്പെടുത്താനാണ് സർക്കാർ ലക്ഷ്യമിടുന്നത്. പാലിയേറ്റീവ് കെയർ രോഗികൾക്ക് ശാസ്ത്രീയ ഗൃഹ പരിചരണം ഉറപ്പാക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുന്നുണ്ട്. ആർദ്രം ഒന്നാം ഘട്ട പ്രവർത്തനങ്ങളുടെ പൂർത്തീകരണം, രോഗനിർമ്മാർജ്ജന പ്രവർത്തനങ്ങൾ, ജില്ലാ ക്യാൻസർ പ്രതിരോധ പരിപാടി, ഇന്റഗ്രേറ്റീവ് മെഡിസിൻ ആൻഡ് റിസർച്ച്, വയോജന പരിപാലനം തുടങ്ങിയവ നടപ്പാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഏകാരോഗ്യ പദ്ധതി നടപ്പാക്കുകയും എല്ലാ ജില്ലകളിലും ഭക്ഷ്യ പരിശോധനാ ലാബുകൾ സജ്ജമാക്കുകയും ഭക്ഷ്യ വസ്തുക്കളിലെ മായം കണ്ടെത്തുന്നതിന് 'നല്ല ഭക്ഷണം നാടിന്റെ അവകാശം' എന്ന ജനകീയ കാമ്പയിൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന് 114 കോടി രൂപ അനുവദിക്കുകയും 150 ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ്സ് സെന്ററുകളും ആറ് കേന്ദ്രങ്ങളിൽ സിദ്ധ ചികിത്സയും ആരംഭിക്കുകയും ചെയ്തു. ആരോഗ്യ വകുപ്പിലെ കെ.എം.എസ്.സി.എൽ.-മായി ബന്ധപ്പെട്ട ഫയലുകൾ മോഷണം പോയിട്ടില്ലെന്ന് കണ്ടെത്തുകയും ടി അന്വേഷണ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഹീമോഫീലിയ രോഗികൾക്കും 'ആശാധാര' പദ്ധതിയിൽ രജിസ്റ്റർചെയ്ത മുഴുവൻ രോഗികൾക്കും സമഗ്ര സൗജന്യ ചികിത്സാ സൗകര്യം

ഏർപ്പെടുത്തിയിട്ടുണ്ട്. തൃശ്ശൂർ മെഡിക്കൽ കോളേജിലെ ക്യാൻസർ ചികിത്സാ വിഭാഗം ശക്തിപ്പെടുത്തുന്നതിന് വിവിധ ഓങ്കോളജി വിഭാഗങ്ങളിലായി 21 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പേപ്പട്ടി വിഷബാധയേറ്റ് മരണപ്പെട്ട കേസുകളിൽ കൃത്യമായ അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ടുണ്ടായ സംഭവത്തിൽ രണ്ട് വകുപ്പുമേധാവികളെ സസ്പെന്റ് ചെയ്യുകയും ടി വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അവയവമാറ്റവുമായി ബന്ധപ്പെട്ട് പ്രത്യേക ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം ആലോചിച്ചുവരികയാണ്. ന്യൂനതകൾ പരിഹരിച്ച് മഞ്ചേരി മെഡിക്കൽ കോളേജിലെ എം.ബി.ബി.എസ്. കോഴ്സിന് എൻ.എം.സി.-യുടെ സ്ഥിരം അംഗീകാരം ലഭ്യമാക്കുകയും പുതിയ ഡി.എച്ച്.എസ്.-നെ നിയമിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2025-ഓടെ ക്ഷയം, കുഷ്ഠം, കാലാഅസർ, മലമ്പനി എന്നീ രോഗങ്ങൾ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനും സംസ്ഥാനത്തെ എല്ലാ ആശുപത്രികൾക്കും NQAS/NABH അക്രെഡിറ്റേഷൻ ലഭ്യമാക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയും സഭ ശബ്ദവോട്ടോടെ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## IX. റിപ്പോർട്ടുകളുടെ സമർപ്പണം (തുടർച്ച)

കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട്

കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിച്ചു.

## X. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട് സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

## XI. അറിയിപ്പ്

മി. സ്പീക്കർ: സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം 2022 ജൂലൈ 8, 11 തീയതികളിലെ സഭാസമ്മേളനം ഒഴിവാക്കിയതിനാൽ പ്രസ്തുത ദിനങ്ങളിലേയ്ക്ക് ഷെഡ്യൂൾ ചെയ്യപ്പെട്ട ചോദ്യങ്ങൾ യഥാക്രമം തൊട്ടടുത്ത ദിവസങ്ങളിലേയ്ക്ക് ക്രമീകരിക്കുന്നതാണ്.

ഇന്നത്തെ സഭാ സമ്മേളനത്തിനുശേഷം 'വനമഹോത്സവം 2022'-ന്റെ സമാപന സമ്മേളനം ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽവച്ച് നടത്തുകയാണ്. വിവിധ വന്യജീവി സങ്കേതങ്ങളിലൂടെയുള്ള യാത്രകളിൽ ശ്രീ. പി. വി. ശ്രീനിജൻ എം.എൽ.എ. പകർത്തിയ ചിത്രങ്ങളുടെ പ്രദർശനവും വനവിഭവങ്ങൾ പരിചയപ്പെടുത്തലും ലോഞ്ചിന് സമീപം സജ്ജീകരിച്ചിട്ടുണ്ട്.

സഭ വൈകുന്നേരം 4.00-ന് പിരിഞ്ഞു.

*******